*15-10-2026*

*Government Resolution (Rule 118)*

**ഗവൺമെന്റ് പ്രമേയം (ചട്ടം 118)**

പരിസ്ഥിതി ലോല പ്രദേശങ്ങൾ സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

മി. സ്പീക്കർ: ബഹുമാനപ്പെട്ട വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. സണ്ണി ജോസഫിന് ഗവൺമെന്റ് പ്രമേയം അവതരിപ്പിക്കാവുന്നതാണ്. ഭേദഗതികൾ ഒന്നും നൽകിയിട്ടില്ല.

പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, സർക്കുലേറ്റ് ചെയ്തിട്ടുണ്ട്. എന്റെ കൈവശം നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: ഭേദഗതികൾ ലഭിച്ചത് പരിശോധിക്കാം.

ശ്രീ. സണ്ണി ജോസഫ്: സർ, രണ്ട് ഭേദഗതികളാണുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവും ശ്രീ. വി. മുരളീധരനും ഭേദഗതി നൽകിയിട്ടുണ്ട്.

മി. സ്പീക്കർ: പ്രമേയം അവതരിപ്പിച്ച് കഴിഞ്ഞശേഷമാണ് ഭേദഗതികൾ അവതരിപ്പിക്കേണ്ടത്. ആദ്യം പ്രമേയം അവതരിപ്പിക്കട്ടെ;

വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററി കാര്യവകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്): സർ, കേരളത്തിലെ ESA സംബന്ധിച്ച നോട്ടിഫിക്കേഷൻ

*15-10-2026*

*Government Resolution (Rule 118)*

അവസാനമായി 2026 ജൂലൈ 27-ാം തീയതിയാണ് കേന്ദ്ര ഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ സംസ്ഥാനം ഭേദഗതി നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ഒരുപാട് മാധ്യമ ചർച്ചയും വിവിധ സംഘടനകളും ജനപ്രതിനിധികളും എം.എൽ.എ.-മാരും പഞ്ചായത്ത് പ്രസിഡന്റുമാരും ഉൾപ്പെടുന്നവർ ഈ റിപ്പോർട്ട് സമർപ്പിക്കുന്നതിന് മുമ്പും അതിനുശേഷവും ആക്ഷേപങ്ങളും അഭിപ്രായങ്ങളുമെല്ലാം സമർപ്പിച്ചിട്ടുണ്ട്. അതെല്ലാം സാമാന്യേന പരിശോധിച്ചാണ് റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്. 2010-ലെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട് മുതലാണ് ഈ പ്രശ്നം തുടങ്ങിയതെന്ന് നമുക്കറിയാം. 2010-ലെ ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിൽ പറഞ്ഞത്, അന്നത്തെ ഒരു യൂണിറ്റ് താലൂക്കാണെന്നാണ്. തലശ്ശേരി താലൂക്കിലെ കോടതിയോ മുനിസിപ്പാലിറ്റിയോ മുതൽ കൊട്ടിയൂർ, ആറളം, അയ്യൻകുന്ന്, കർണാടക കേരള ഫോറസ്റ്റ് അതിർത്തി വരെയുള്ളത് മുഴുവൻ ഒരു താലൂക്കായിരുന്നു. അതിനെതിരെ ആക്ഷേപങ്ങൾ ഉയർന്നുവന്നു. കസ്തൂരിരംഗൻ നിയോഗിക്കപ്പെട്ടു. ആ റിപ്പോർട്ടിൽ താലൂക്ക് എന്നത് മാറ്റി 123 വില്ലേജുകളാക്കി. ആ 123 വില്ലേജുകളെ സംബന്ധിച്ച് ആക്ഷേപം

ഉയർന്നിരുന്നു. 123 വില്ലേജുകളിലെ ജനവാസമേഖലകൾ, കൃഷിസ്ഥലങ്ങൾ തോട്ടങ്ങൾ ഉൾപ്പെടെയുള്ള മുഴുവൻ പ്രദേശങ്ങളിലും, പരിസ്ഥിതി പ്രാധാന്യമുള്ള പ്രദേശങ്ങളെ മാത്രം ഫോറസ്റ്റായി ഒതുക്കാതെ മുഴുവൻ പ്രദേശങ്ങളെയും ESA ആയി നിർദേശിച്ചുകൊണ്ടുള്ള കസ്തൂരിരംഗൻ റിപ്പോർട്ടിനുമെതിരെ വലിയ ആക്ഷേപങ്ങളും പ്രക്ഷോഭങ്ങളുമുണ്ടായി. അന്ന് കേരളത്തിന്റെ എതിർപ്പ് അറിയിച്ചു. 2014-ലെ ഒന്നാമത്തെ കരട് നോട്ടിഫിക്കേഷൻ മുതൽ എല്ലാ നോട്ടിഫിക്കേഷനിലും കേരളം സമർപ്പിച്ച ഭേദഗതി നിർദേശങ്ങൾ, മുഴുവനും അംഗീകരിച്ചിട്ടില്ലെങ്കിലും 2014-ൽ കൊടുത്ത ആദ്യ ഭേദഗതി അംഗീകരിച്ചുകൊണ്ടാണ് ഇതുവരെയുള്ള റിപ്പോർട്ടുകൾ വന്നത്. കസ്തൂരിരംഗൻ റിപ്പോർട്ടിൽ കേരളത്തിൽ 13108 സ്ക്വയർ കിലോമീറ്റർ സ്ഥലമാണ് ഇ.എസ്.എ. ആയി നിശ്ചയിച്ചതെങ്കിൽ 2014-ൽ പ്രസിദ്ധീകരിച്ച റിപ്പോർട്ടിൽ 9993.7 സ്ക്വയർ കിലോമീറ്റർ സ്ഥലമായി മാറി. അതിൽതന്നെ 9107 സ്ക്വയർ കിലോമീറ്റർ വനമായും 886.7 സ്ക്വയർ കിലോമീറ്റർ വനേതര പ്രദേശവുമായാണ് നിർദേശിച്ചിട്ടുള്ളത്. അതിനെ സംബന്ധിച്ചും കേരളം ധാരാളം ചർച്ചകൾ നടത്തി. 886.7 സ്ക്വയർ

കിലോമീറ്ററാണ് വനേതര പ്രദേശമായി വരുന്നത്. അതിനെക്കുറിച്ച് പിന്നീട് വന്ന ഗവൺമെന്റ് ആ കാര്യങ്ങൾ കുറച്ചുകൂടി പഠിച്ച് അവരും ഭേദഗതി നിർദേശം സമർപ്പിച്ചിട്ടുണ്ട്. അതും ഈ ഗവൺമെന്റ് പരിശോധിച്ചാണ് ഇപ്പോൾ ഭേദഗതികൾ സമർപ്പിച്ചിട്ടുള്ളത്. കേരളം സമർപ്പിച്ചിട്ടുള്ള ഭേദഗതികൾ കേന്ദ്ര ഗവൺമെന്റ് അംഗീകരിക്കണമെന്നുള്ളതാണ് ഈ പ്രമേയത്തിന്റെ ആകെയുള്ള അന്തസത്ത. കർണാടക അസംബ്ലി പ്രമേയം പാസാക്കിയെന്ന് ചില ആളുകൾ പറഞ്ഞു. കർണാടക അസംബ്ലിയിൽ പ്രമേയം പാസാക്കുന്നതിന് ഒരു വർഷത്തെ സമയമാണ് ചോദിച്ചത്. പശ്ചിമഘട്ടമുൾപ്പെടുന്ന ആറ് സംസ്ഥാനങ്ങളിൽ കേരളം മാത്രമാണ് ഇതിനെക്കുറിച്ച് പഠനം നടത്തി ബദൽ നിർദേശങ്ങളും ഭേദഗതികളും അവതരിപ്പിച്ചിട്ടുള്ളത്. ഏഴ് നോട്ടിഫിക്കേഷനിലും ഇത് ആവർത്തിച്ച് പറഞ്ഞിട്ടുണ്ട്. കേരളം മാത്രമാണ് ഇതിനെ സംബന്ധിച്ച് പഠനം നടത്തിയത്. കേരളത്തിന്റെ ESI പ്രത്യേകമായാണ് നോട്ടിഫൈ ചെയ്യുന്നത്, കരട് നോട്ടിഫിക്കേഷനിൽ Except for the state of Kerala എന്നുണ്ട്. കേരളമൊഴികെയുള്ള മറ്റ്

സംസ്ഥാനങ്ങളുടേത് പ്രത്യേകമായി നോട്ടിഫൈ ചെയ്തിട്ടുണ്ട്. കേരളത്തെ സംബന്ധിച്ച് ഒരുകാര്യം കൂടി പറഞ്ഞിട്ടുണ്ട്. കേരളത്തിന്റെ 9993.7 സ്ക്വയർ കിലോമീറ്റർ സ്ഥലം അത് കേരള സ്റ്റേറ്റ് ബയോഡൈവേഴ്സിറ്റി ബോർഡിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതാണെന്നുകൂടി ഈ നോട്ടിഫിക്കേഷനിലുണ്ട്. ഇത് മറ്റ് സംസ്ഥാനങ്ങൾക്കില്ല. കാരണം, 2013 മുതൽ ഇന്നുവരെയും ഇതിനെ സംബന്ധിച്ച് ഫലപ്രദമായി ഭേദഗതി നിർദേശങ്ങൾ സമർപ്പിച്ചിട്ടില്ല. കർണാടകം ഒരു വർഷത്തെ സമയം ആവശ്യപ്പെട്ടിരിക്കുന്നു. നമ്മൾ സമയബന്ധിതമായി ഭേദഗതി നിർദേശങ്ങൾ സമർപ്പിച്ചിട്ടുണ്ട്. ആ ഭേദഗതി നിർദേശം കേന്ദ്രം അംഗീകരിക്കണമെന്നുള്ളതാണ് പ്രമേയത്തിന്റെ ആകെ തുക.

<u>മി. സ്പീക്കർ</u>: പ്രമേയം അവതരിപ്പിക്കാവുന്നതാണ്

<u>ശ്രീ. സണ്ണി ജോസഫ്</u>: "പശ്ചിമഘട്ട പ്രദേശത്തിന്റെ ESA വിജ്ഞാപനവുമായി ബന്ധപ്പെട്ട് ഗാഡ്ഗിൽ സമിതിയും (2010) കസ്തൂരിരംഗൻ സമിതിയും (2013) മുഖേന ആരംഭിച്ച നടപടിക്രമം ഒരു ദശാബ്ദത്തിലേറെ കഴിഞ്ഞിട്ടും പൂർത്തിയാക്കാനായിട്ടില്ല. കസ്തൂരി രംഗൻ

റിപ്പോർട്ട് പ്രകാരം നമ്മുടെ സംസ്ഥാനത്തെ 123 വില്ലേജുകളിലെ ജനവാസ മേഖലകളും കൃഷി സ്ഥലങ്ങളും ഉൾപ്പെടുത്തികൊണ്ട് 13108 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയുള്ള പ്രദേശമാണ് ESA ആയി നിർദേശിക്കപ്പെട്ടത്. ഇതിനെതിരെ 2014-ൽ കേരളം സമർപ്പിച്ച ഭേദഗതി നിർദേശത്തിന്റെ അടിസ്ഥാനത്തിൽ 10-03-2014 ന് കേന്ദ്ര വനം, പരിസ്ഥിതി മന്ത്രാലയം (MoEFCC) കേരളത്തിന്റെ പരിസ്ഥിതി ലോല പ്രദേശം 123 വില്ലേജുകളിലായി 9993.7 ചതുരശ്ര കിലോമീറ്ററായി നിശ്ചയിച്ചു. ഇതിൽ 9107 ചതുരശ്ര കിലോമീറ്റർ വന പ്രദേശവും 886.7 ചതുരശ്ര കിലോമീറ്റർ വനേതര പ്രദേശവുമായി കരട് വിജ്ഞാപനം പ്രസിദ്ധീകരിച്ചു. ഇപ്രകാരം 3114.3 ചതുരശ്ര കലോമീറ്റർ വിസ്തൃതിയുള്ള ഭൂപ്രദേശം ESA-യിൽനിന്ന് പൂർണമായി ഒഴിവാക്കപ്പെട്ടിട്ടുണ്ട്. പിന്നീട് 2026 ജൂലൈ 27-ന് കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പ്രസിദ്ധീകരിച്ച വിജ്ഞാപനം ഉൾപ്പെടെ 6 കരട് വിജ്ഞാപനങ്ങളിലും 2014-ലെ കരട് വിജ്ഞാപനത്തിന്റെ തനിയാവർത്തനമാണുണ്ടായത്.

ഫോറസ്റ്റ് സർവേ ഓഫ് ഇന്ത്യ പ്രസിദ്ധീകരിച്ച ഇന്ത്യ സ്റ്റേറ്റ് ഓഫ്

ഫോറസ്റ്റ് റിപ്പോർട്ട് 2023 പ്രകാരം, കേരളത്തിൽ വനം വകുപ്പിന്റെ ഭരണപരമായ അധികാര പരിധിയിലുള്ള വനമേഖല ഏകദേശം 11531.91 ചതുരശ്ര കിലോമീറ്ററാണ്. ഇത് സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 29.67 ശതമാനമാണ്. ഇന്ത്യയിലെ ആകെ രേഖപ്പെടുത്തിയ വനമേഖല ഏകദേശം 775377 ചതുരശ്ര കിലോമീറ്ററാണ്. ഇത് രാജ്യത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ 23.59 ശതമാനമാണ്. ഇതനുസരിച്ച്, കേരളത്തിലെ രേഖപ്പെടുത്തിയ വനമേഖല സംസ്ഥാനത്തിന്റെ ആകെ ഭൂവിസ്തൃതിയുടെ അനുപാതത്തിൽ ദേശീയ ശരാശരിയേക്കാൾ 6.08 ശതമാനം കൂടുതലാണ്.

2011-ലെ ഇന്ത്യൻ സെൻസസ് പ്രകാരം കേരളത്തിലെ ജനസാന്ദ്രത ഒരു ചതുരശ്ര കിലോമീറ്ററിൽ 860 പേരാണ്. ഇത് ദേശീയ ശരാശരിയായ ഒരു ചതുരശ്ര കിലോമീറ്ററിൽ 382 എന്നതിനേക്കാൾ വളരെ കൂടുതലാണ്. ദേശീയ ശരാശരിയുടെ ഏകദേശം 2.25 മടങ്ങാണ് കേരളത്തിലെ ജനസാന്ദ്രത. അതായത്, ദേശീയ ശരാശരിയേക്കാൾ ഒരു ചതുരശ്ര കിലോമീറ്ററിൽ 478 പേർ കേരളത്തിൽ അധികമായി അതിവസിക്കുന്നുണ്ട്. 2011-ലെ സെൻസസ് പ്രകാരം, ബീഹാർ, പശ്ചിമബംഗാൾ, എന്നീ

സംസ്ഥാനങ്ങൾക്കുശേഷം രാജ്യത്ത് ഏറ്റവും ഉയർന്ന ജനസാന്ദ്രതയുള്ള മൂന്നാമത്തെ സംസ്ഥാനമാണ് കേരളം. തമിഴ്നാട്, കർണാടക, മഹാരാഷ്ട്ര, ഗുജറാത്ത്, ഗോവ എന്നീ സംസ്ഥാനങ്ങളുമായി താരതമ്യം ചെയ്യുമ്പോഴും കേരളത്തിലെ ജനസാന്ദ്രത ഗണ്യമായി കൂടുതലാണ്.

കേരളത്തിന്റെ സവിശേഷമായ ഭൂപ്രകൃതി, ഉയർന്ന ജനസാന്ദ്രത, കൂടിയ വന വിസ്തൃതി, വന വിസ്തൃതിയിലെ വർധനവ് എന്നിവ പരിഗണിച്ച് ജനവാസ മേഖലകളും കൃഷിയിടങ്ങളും തോട്ടങ്ങളും, പൂർണ്ണമായും ESA പരിധിയിൽനിന്ന് ഒഴിവാക്കുകയെന്നത് സംസ്ഥാനത്തിന്റെ ശക്തവും വ്യക്തവുമായ നിലപാടാണ്. വിശദമായ GIS വിശകലന പഠനം, സ്ഥലപരിശോധന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിശോധന എന്നിവയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ESA വിസ്തൃതി 98 റവന്യൂ വില്ലേജുകളിലായി 8590.69 ചതുരശ്ര കിലോമീറ്ററായി പുനഃനിർണ്ണയിച്ചുകൊണ്ടുള്ള സംസ്ഥാനത്തിന്റെ നിർദേശം കേന്ദ്ര-വനം, പരിസ്ഥിതി മന്ത്രാലയത്തിന് 24-09-2026-ൽ സമർപ്പിച്ചിട്ടുണ്ട്.

ജനവാസ പ്രദേശങ്ങളെയും പരമ്പരാഗതമായ കൃഷി, തോട്ടം

മേഖലകളെയും ഒരു നിലയിലും ഉൾപ്പെടുത്താതെ ESA പ്രദേശം നിർണ്ണയിക്കണമെന്നതാണ് സംസ്ഥാന സർക്കാരിന്റെ നിലപാട്. കൂടാതെ വനമേഖലകൾ, സ്വാഭാവിക ആവാസവ്യവസ്ഥകൾ, കൃഷിയിടങ്ങൾ, തോട്ടങ്ങൾ, ജനവാസ കേന്ദ്രങ്ങൾ, വാണിജ്യ മേഖലകൾ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവ ഒരേ വില്ലേജിനുള്ളിൽതന്നെ നിലനിൽക്കുന്ന സാഹചര്യം സംസ്ഥാനത്തുള്ളതിനാൽ ഒരു വില്ലേജിന്റെ മുഴുവൻ പ്രദേശവും ഒരേതരത്തിലുള്ള പാരിസ്ഥിതിക സ്വാഭാവമുള്ളതല്ല. ആയതിനാൽ ശാസ്ത്രീയമായി നിർണ്ണയിച്ച പരിസ്ഥിതിലോല പ്രദേശത്തിന്റെ അതിർത്തികൾക്കുള്ളിൽ മാത്രമായി ESA സംബന്ധിച്ച നിയന്ത്രണങ്ങൾ പരിമിതപ്പെടുത്തേണ്ടതിന്റെ ആവശ്യവും സംസ്ഥാന സർക്കാർ അർത്ഥശങ്കക്കിടയില്ലാത്തവിധം ചൂണ്ടിക്കാണിച്ചിട്ടുള്ളതാകുന്നു.

സംസ്ഥാനത്തിന്റെ ഈ ആവശ്യങ്ങൾ കേന്ദ്ര വനം, പരിസ്ഥിതി, കാലാവസ്ഥാ വ്യതിയാന മന്ത്രാലയത്തിന്റെ വിദഗ്ധരുമായി 2026 ജൂലൈ 15-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നടത്തിയ ഉന്നതതല ചർച്ചയിൽ അറിയിക്കുകയും ചെയ്തിരുന്നു.

*15-10-2026*

*Government Resolution (Rule 118)*

കാർഡമം ഹിൽ റിസർവ് മേഖലയിൽ ദീർഘകാലമായി നിലനിൽക്കുന്ന ഏലത്തോട്ടങ്ങൾ, ജനവാസ കേന്ദ്രങ്ങൾ, അടിസ്ഥാനസൗകര്യങ്ങൾ എന്നിവയുണ്ട്. ഈ പ്രദേശം 1935-ലെ ട്രാവൻകൂർ കാർഡമം ചട്ടങ്ങൾ, 1961 സർക്കാർ ഭൂമി ഏലകൃഷിക്കായി പാട്ടത്തിന് നൽകുന്നതിനുള്ള ചട്ടങ്ങൾ, 1986-ലെ കേരള വൃക്ഷസംരക്ഷണ നിയമം എന്നിവ ഉൾപ്പെടെയുള്ള നിലവിലുള്ള നിയമങ്ങൾക്കും നിയന്ത്രണങ്ങൾക്കും വിധേയമാണ്. അതിനാൽ, നിലവിലുള്ള നിയമപരമായ സംരക്ഷണ സംവിധാനങ്ങൾക്ക് ഉപരിയായി കാർഡമം ഹിൽ റിസർവിൽ ESA നിർദ്ദിഷ്ട അധിക നിയന്ത്രണങ്ങൾകൂടി ഏർപ്പെടുത്തുന്നത് ഒഴിവാക്കണമെന്നതാണ് സംസ്ഥാനത്തിന്റെ ആവശ്യം.

ESA വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരം പരിസ്ഥിതിലോല പ്രദേശങ്ങളിൽ പുതിയ റെഡ് കാറ്റഗറി വ്യവസായങ്ങൾ ആരംഭിക്കുന്നതിനും നിലവിലുള്ളവയുടെ വികസനം നടത്തുന്നതിനും പൊതുവായ നിരോധനം ഏർപ്പെടുത്തിയിട്ടുള്ളത് സംസ്ഥാനത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ പരിസ്ഥിതി മാനദണ്ഡങ്ങളും മലിനീകരണ നിയന്ത്രണ വ്യവസ്ഥകളും

പൂർണ്ണമായി പാലിച്ചുകൊണ്ട് പൊതുജനാരോഗ്യം, അടിസ്ഥാന സൗകര്യങ്ങൾ, അടിയന്തര സേവനങ്ങൾ, പ്രാദേശിക ആവശ്യങ്ങൾ എന്നിവ പരിഗണിച്ച് ചില പ്രവർത്തനങ്ങൾക്ക് നിബന്ധനകളോടെ പ്രത്യേക ഇളവുകൾ അനുവദിക്കേണ്ടതിന്റെ ആവശ്യകതയും സംസ്ഥാന സർക്കാർ ചൂണ്ടിക്കാണിച്ചിട്ടുള്ളതാകുന്നു.

മേൽസാഹചര്യങ്ങൾ കണക്കിലെടുത്ത് കേരള നിയമസഭ താഴെപ്പറയുന്ന പ്രമേയം അംഗീകരിക്കുന്നു.

1. കേരള സർക്കാർ നടത്തിയ പഠനങ്ങളുടെയും ഭൗമവിവര വിശകലനത്തിന്റെയും ജില്ലാതല തദ്ദേശസ്വയംഭരണ സ്ഥാപനതല പരിശോധനയുടെയും അടിസ്ഥാനത്തിൽ സമർപ്പിച്ച 98 റവന്യൂ വില്ലേജുകളിലായി 8590.69 ചതുരശ്ര കിലോമീറ്റർ വിസ്തൃതിയിലുള്ള പുതുക്കിയ ESA നിർദേശം സംസ്ഥാനത്തിന്റെ അന്തിമ നിർദേശമായി അംഗീകരിക്കുകയും അതിന് കേന്ദ്ര സർക്കാരിന്റെ അംഗീകാരം നൽകി അന്തിമ വിജ്ഞാപനം പ്രസിദ്ധപ്പെടുത്തുകയും ചെയ്യണമെന്ന് കേന്ദ്ര വനം പരിസ്ഥിതി കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തോട് കേരള നിയസഭ

ഐക്യകണ്ഠേന അഭ്യർഥിക്കുന്നു.

2. പരിസ്ഥിതിലോല ESA പ്രദേശവുമായി ബന്ധപ്പെട്ട നിയന്ത്രണങ്ങൾ ശാസ്ത്രീയമായി നിർണ്ണയിച്ച് വ്യക്തമായി അടയാളപ്പെടുത്തി സമർപ്പിച്ചിരിക്കുന്ന പരിധികളുള്ളിൽ മാത്രമായിരിക്കണമെന്നും ടി ഭാഗങ്ങളിലൊഴികെ ഒരു വില്ലേജിന്റെ ESA-യ്ക്ക് പുറത്തുള്ള പ്രദേശങ്ങളിൽ നിർദ്ദിഷ്ട ESA നിയന്ത്രണങ്ങൾ ഒരു നിലയിലും ബാധകമാക്കരുതെന്നും കേന്ദ്ര സർക്കാരിനോട് അഭ്യർഥിക്കുന്നു.

3. പശ്ചിമഘട്ട പരിസ്ഥിതി ലോല പ്രദേശവുമായി ബന്ധപ്പെട്ട ഏഴാമത്തെ കരട് വിജ്ഞാപനത്തിലെ റെഡ് കാറ്റഗറി വ്യവസായങ്ങൾ സംബന്ധിച്ച പൊതുവായ നിരോധന വ്യവസ്ഥ പുനഃപരിശോധിക്കണമെന്നും പരിസ്ഥിതി നിയമങ്ങളും മലിനീകരണ നിയന്ത്രണ മാനദണ്ഡങ്ങളും പാലിച്ചുകൊണ്ടും ആവശ്യമായ അനുമതികൾക്കും വിധേയമായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾക്ക് ഓരോന്നിന്റെയും സവിശേഷ സാഹചര്യം പരിശോധിച്ച് പ്രത്യേക ഇളവുകൾ അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തണമെന്നും കേന്ദ്രസർക്കാരിനോട് അഭ്യർഥിക്കുന്നു.

*15-10-2026*

*Government Resolution (Rule 118)*

(a) പാൽ സംസ്കരണവും പാലുൽപ്പന്ന നിർമ്മാണവും

(b) അറവുശാലകളും മാംസ സംസ്കരണ യൂണിറ്റുകളും

(c) പൊതുവായ മലിനജല സംസ്കരണ പ്ലാന്റുകൾ (CETPS)

(d) ആശുപത്രികൾ, മെഡിക്കൽ കോളേജുകൾ, വ്യവസായ പാർക്കുകൾ

5MVA-യിൽ കൂടുതലുള്ളയിടങ്ങളിൽ ഡീസൽ ജനറേറ്റർ സംവിധാനങ്ങൾ

(e) പുതിയ ആരോഗ്യപരിപാലന സ്ഥാപനങ്ങൾ

(f) പമ്പ്ഡ് സ്റ്റോറേജ് ജലവൈദ്യുത പദ്ധതികൾ

(g) ഏതെങ്കിലും തരത്തിലുള്ള ദുരിത ബാധിതരെ പുനരധിവസിപ്പിക്കേണ്ട സാഹചര്യമുണ്ടാകുന്ന പക്ഷം ആയതിനായി 50 ഹെക്ടറിൽ കൂടുതൽ വിസ്തൃതിയിൽ സ്ഥാപിക്കുന്ന ടൗൺഷിപ്പുകൾ.

4. കാർഡമം ഹിൽ റിസർവിന്റെ സവിശേഷമായ ഭൂവിനിയോഗ സ്വഭാവം, ദീർഘകാലമായി നിലനിൽക്കുന്ന ഏലകൃഷി, ജനവാസം, അടിസ്ഥാനസൗകര്യങ്ങൾ, നിലവിലുള്ള നിയമപരമായ നിയന്ത്രണങ്ങൾ

എന്നിവ പരിഗണിച്ച്, കാർഡമം ഹിൽ റിസർവിനെ നിർദ്ദിഷ്ട ESA നിയന്ത്രണ സംവിധാനത്തിൽനിന്ന് ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് അഭ്യർഥിക്കുന്നു.

5. പശ്ചിമഘട്ടത്തിന്റെ പാരിസ്ഥിതിക സമഗ്രതയും ദീർഘകാല സംരക്ഷണവും ഉറപ്പാക്കുന്നതിനൊപ്പം കേരളത്തിലെ ജനങ്ങളുടെ ഉപജീവനമാർഗങ്ങൾ, കർഷകരുടെ താൽപര്യങ്ങൾ, പരമ്പരാഗത കൃഷി, ജനവാസ മേഖലകൾ, പൊതുജനാരോഗ്യം, ആവശ്യമായ അടിസ്ഥാനസൗകര്യ വികസനം എന്നിവയ്ക്ക് ന്യായമായ സംരക്ഷണം ലഭിക്കുന്ന രീതിയിൽ ജനവാസ മേഖലകളെയും കൃഷി സ്ഥലങ്ങളെയും തോട്ടങ്ങളെയും പൂർണ്ണമായും ഒഴിവാക്കികൊണ്ട് കേരളത്തിലെ ESA സംബന്ധിച്ച അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് കേരള നിയമസഭ അഭ്യർഥിക്കുന്നു" .

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. അനൂപ് ജേക്കബ്): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

*15-10-2026*

*Government Resolution (Rule 118)*

പ്രതിപക്ഷ നേതാവ് (<u>ശ്രീ. പിണറായി വിജയൻ</u>): സർ, ബഹുമാനപ്പെട്ട പരിസ്ഥിതി വകുപ്പുമന്ത്രി അവതരിപ്പിച്ച പ്രമേയത്തിൽ പരിസ്ഥിതിലോല പ്രദേശം സംബന്ധിച്ച കരട് വിജ്ഞാപനത്തിന്മേൽ, സർക്കാർ തലത്തിൽ 2014-ൽ സ്വീകരിച്ച നടപടിക്കുശേഷം 2026 വരെ സ്വീകരിച്ച തുടർനടപടികൾ വിട്ടുപോയിരിക്കുന്നു. നിലവിലെ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച നടപടിയും 27-07-2026-ൽ കേന്ദ്ര വനം-പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന മന്ത്രാലയം പ്രസിദ്ധീകരിച്ച വിജ്ഞാപനവും മാത്രമാണ് പ്രമേയത്തിൽ പരാമർശിക്കുന്നത്. എന്നാൽ ഇതിനിടയിൽ 12 വർഷമുണ്ട്. രണ്ടുവർഷം 2016-ന് മുമ്പുള്ളതും 10 വർഷം 2016-ന് ശേഷവുമാണ്. ഈ 12 വർഷക്കാലം നടന്ന പ്രവർത്തനങ്ങളുടെ സംക്ഷിപ്തമാണ് 24-09-2026-ലെ പുതുക്കിയ നിർദേശം എന്ന വസ്തുതകൂടി തമസ്കരിക്കപ്പെട്ടിരിക്കുകയാണ്.

സർക്കാരുകൾ തുടർച്ചയാണ്. കഴിഞ്ഞ 10 വർഷക്കാലം ഇ.എസ്.എ.-യുടെ കാര്യത്തിൽ നിരന്തരമായി കേന്ദ്ര സർക്കാരുമായി കത്തിടപാടുകളും ചർച്ചകളും നടത്തുകയും കേന്ദ്ര സർക്കാരിന് റിപ്പോർട്ടുകൾ സമർപ്പിക്കുകയും

വിജ്ഞാപനം പ്രതികൂലമായി ബാധിക്കുന്ന പ്രദേശങ്ങളിലെ ജനവിഭാഗങ്ങളുമായി മന്ത്രിതലത്തിൽ നേരിട്ട് ആശയവിനിമയം നടത്തുകയും ചെയ്തശേഷം 02-11-2024-ൽ കേന്ദ്ര സർക്കാരിൽ വിശദമായ റിപ്പോർട്ട് നൽകിയിരുന്നു. ഈ റിപ്പോർട്ട് അടിസ്ഥാനരേഖയാക്കി കാര്യമായ മാറ്റങ്ങളൊന്നുമില്ലാതെയാണ് 24-09-2026-ൽ സംസ്ഥാന സർക്കാർ പുതുക്കിയ നിർദേശം സമർപ്പിച്ചിട്ടുള്ളത്. ഈ വസ്തുതകളും റിപ്പോർട്ടുകളും ജൈവവൈവിധ്യ ബോർഡിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. ബഹുമാനപ്പെട്ട വകുപ്പുമന്ത്രി ശ്രീ. സണ്ണി ജോസഫ് പ്രതിപക്ഷാംഗമായിരിക്കേ 2024 ഒക്ടോബർ 8-ന് സഭയിൽ അവതരിപ്പിച്ച ശ്രദ്ധക്ഷണിക്കലിനുള്ള മറുപടിയിൽ ഇ.എസ്.എ.-യുടെ ഭൂവിസ്തൃതി കുറച്ചതും വില്ലേജുകളുടെ പരിധി ചുരുക്കിയതും വിശദമായി പ്രതിപാദിച്ചിരുന്നു. അത് സഭാരേഖയാണ്. കേന്ദ്ര സർക്കാർ അംഗീകരിച്ച 9993.7 ചതുരശ്ര കിലോമീറ്റർ എന്ന അളവിനേക്കാൾ കുറവാണ് യഥാർഥ ഇ.എസ്.എ. മേഖല എന്ന വാദം ആധികാരികമായ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശക്തമായി ഉന്നയിക്കാൻ സംസ്ഥാനത്തിന് 2016-2026 കാലയളവിലെ

നടപടികളിലൂടെ കഴിഞ്ഞിട്ടുണ്ട്. എന്നാൽ ഇതെല്ലാം ഇന്ന് അവതരിപ്പിച്ച പ്രമേയത്തിൽ പൂർണ്ണമായും തമസ്കരിച്ചിരിക്കുകയാണ്. ഐകകണ്ഠ്യേന പാസാക്കാനുള്ള ഒരു പ്രമേയം രാഷ്ട്രീയ വിവേചനബുദ്ധിയോടെ അവതരിപ്പിച്ചത് നിർഭാഗ്യകരമാണ്. വിഷയത്തിന്റെ ഗൗരവം കണക്കിലെടുത്ത് പ്രതിപക്ഷം ഈ സമ്മേളന കാലയളവിൽ ചട്ടം 130 പ്രകാരമുള്ള നോട്ടീസ് നൽകിയിരുന്നതുമാണ്. മേൽവസ്തുതകൾ കണക്കിലെടുത്ത് ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു.

(1) പ്രമേയത്തിലെ നാലാമത്തെ ഖണ്ഡികയിൽ ഒന്നാമത്തെ വാക്യത്തിനുശേഷം താഴെപ്പറയുന്നത് കൂട്ടിച്ചേർക്കുക.

"2016-2026-ൽ പുതിയ കരട് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് വരെയുള്ള കാലയളവിൽ പരിസ്ഥിതിലോല പ്രദേശം നിർണ്ണയിക്കുന്നതിൽ ശക്തമായ ഇടപെടൽ സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. ബന്ധപ്പെട്ട വിദഗ്ധരുടെയും ജനപ്രതിനിധികളുടെയും അഭിപ്രായങ്ങൾ വിലയിരുത്തി അനുയോജ്യമായ അതിർത്തി നിർണ്ണയം സാധ്യമാക്കുന്നതിനായി കഡസ്ട്രൽ മാപ്പ് തയ്യാറാക്കാൻ കെ.എസ്.ആർ.ഇ.സി.-യെ ചുമതലപ്പെടുത്തി.

*15-10-2026*

*Government Resolution (Rule 118)*

11-04-2018-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം വിളിച്ചുചേർത്ത യോഗത്തിൽ കേരളം പോലെ ജനസാന്ദ്രതയേറിയതും ആളോഹരി സ്ഥലലഭ്യത കുറഞ്ഞതുമായ ഒരു സംസ്ഥാനത്ത് കേന്ദ്ര വിജ്ഞാപനപ്രകാരമുള്ള ഇ.എസ്.എ. നിയന്ത്രണങ്ങൾ അതേപടി നടപ്പാക്കുന്നതിലെ പ്രായോഗിക ബുദ്ധിമുട്ട് ചൂണ്ടിക്കാണിച്ചിരുന്നു.

തുടർന്ന് ജനവാസപ്രദേശങ്ങളും, തോട്ടങ്ങളും, ജലാശയങ്ങളും ഒറ്റപ്പെട്ട വനപ്രദേശങ്ങളും പാറപ്രദേശങ്ങളും പൊതു ഇടങ്ങളും ഒഴിവാക്കി സംരക്ഷിത വനപ്രദേശങ്ങളും റിസർവ് വനങ്ങളും അണക്കെട്ടുകളും മാത്രമായി ഇ.എസ്.എ. ശിപാർശ ചെയ്യാൻ തീരുമാനിക്കുകയും ചെയ്തു. മൊത്തം ഇ.എസ്.എ. 8656.46 ചതുരശ്ര കിലോമീറ്റർ മാത്രമാണെന്ന കെ.എസ്.ആർ.ഇ.സി. കണ്ടെത്തൽ സംസ്ഥാന മന്ത്രിസഭ അംഗീകരിക്കുകയും ജി.ഐ.എസ്. മാപ്പ് ഉൾപ്പെടെയുള്ള രേഖകൾ 16-06-2018-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയും ചെയ്തിരുന്നു. 05-10-2021-ൽ കേന്ദ്ര മന്ത്രാലയം ഇ.എസ്.എ. കരട് വിജ്ഞാപനത്തിന്റെ ആകെ അളവിൽ മാറ്റം വരുത്താതെ കോർ

ഇ.എസ്.എ., നോൺ കോർ ഇ.എസ്.എ. എന്ന പുതിയ ആശയം അവതരിപ്പിച്ചെങ്കിലും സംസ്ഥാനം വിയോജിപ്പ് അറിയിക്കുകയും ഇ.എസ്.എ. 8656.46 ചതുരശ്ര കിലോമീറ്ററിൽ നിജപ്പെടുത്തണമെന്ന് ആവർത്തിച്ച് ആവശ്യപ്പെടുകയും ചെയ്തു.

ജനവാസ മേഖലകൾ ഒഴിവാക്കി ഇ.എസ്.എ. ആയി നിജപ്പെടുത്തേണ്ട പ്രദേശങ്ങളെ സംബന്ധിച്ച് വ്യക്തത വരുത്തുന്നതിനായി 24-05-2022-ൽ ചീഫ് സെക്രട്ടറി നടത്തിയ യോഗത്തിൽ ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാതല പരിശോധനാസമിതി രൂപീകരിക്കാൻ തീരുമാനിക്കുകയുണ്ടായി. 18-04-2022-ൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഇ.എസ്.എ. സംസ്ഥാനങ്ങളുടെ നിർദേശങ്ങളും ശിപാർശകളും പരിശോധിക്കുന്നതിനായി ശ്രീ. സഞ്ജയ്കുമാർ ഐ.എഫ്.എസ്. (റിട്ട.) അധ്യക്ഷനായി രൂപീകരിച്ച ആറംഗ സമിതിയുമായി ചീഫ് സെക്രട്ടറി നടത്തിയ ചർച്ചയിലും ഇ.എസ്.എ. വനപ്രദേശങ്ങളിൽ മാത്രമായി നിജപ്പെടുത്തണമെന്ന ആവശ്യം വീണ്ടും ഉന്നയിക്കുകയുണ്ടായി.

ജില്ലാതല പരിശോധന സമിതിയുടെ റിപ്പോർട്ട് പൊതുജനങ്ങളുടെയും തദ്ദേശസ്ഥാപനങ്ങളുടെയും അഭിപ്രായങ്ങൾ എന്നിവ പരിഗണിച്ച് അവസാനഘട്ട പരിശോധന നടത്തി അന്തിമ റിപ്പോർട്ട് സമർപ്പിക്കുമെന്ന വ്യവസ്ഥയ്ക്ക് വിധേയമായി സംസ്ഥാനത്തിന് നിർദേശം 2024 മെയ് 13 -ന് കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായി. തുടർന്ന് സംസ്ഥാനത്തെ പരിസ്ഥിതിലോല പ്രദേശം 98 വില്ലേജുകളിലായി 8590.69 ചതുരശ്ര കിലോമീറ്റർ ആണെന്ന് വ്യക്തമാക്കിയിട്ടുള്ള അന്തിമ റിപ്പോർട്ട് കേന്ദ്ര മന്ത്രാലയത്തിന് 02-11-2024-ന് അയയ്ക്കുകയും ചെയ്തിരുന്നു".

<u>മി. സ്പീക്കർ</u>: അങ്ങ് സഭയെക്കുറിച്ച് പറഞ്ഞ ഒരു വാക്കിന് മാത്രം ഞാൻ മറുപടി പറയുകയാണ്. ബാക്കി കാര്യങ്ങൾക്ക് മന്ത്രി മറുപടി പറയും. അങ്ങ് ചട്ടം 130 അനുസരിച്ച് നൽകിയ നോട്ടീസ് BAC പരിഗണിച്ചിരുന്നു. പക്ഷെ ചട്ടം 118 അനുസരിച്ച് ഗവൺമെന്റ് ഒരു ഉപക്ഷേപം കൊണ്ടുവരുന്നുവെന്ന് പറഞ്ഞപ്പോൾ ആ ഉപക്ഷേപത്തിന് പ്രയോരിറ്റി കിട്ടിയെന്നുമാത്രമേയുള്ളൂ.

*15-10-2026*

*Government Resolution (Rule 118)*

<u>ശ്രീ. പിണറായി വിജയൻ</u>: സർ, അങ്ങയെക്കുറിച്ചോ നിയമസഭയെക്കുറിച്ചോ യാതൊരു കാര്യവും ഞാൻ ഉദ്ദേശിച്ചില്ല. ഞങ്ങൾ ഈ പ്രശ്നം സഭയിൽ അവതരിപ്പിക്കാൻ ഉദ്ദേശിച്ചിരുന്നു. എന്നാൽ ഈ വിഷയം ഗവൺമെന്റ് സഭയിൽ കൊണ്ടുവരുന്നുണ്ടെന്ന് പറഞ്ഞപ്പോൾ ഞങ്ങളത് സമ്മതിച്ചു. അതാണ് പറയാനുദ്ദേശിച്ചത്.

<u>മി. സ്പീക്കർ</u>: പ്രതിപക്ഷ നേതാവിനെപ്പോലെ സീനിയറായ ഒരാൾ പറയുമ്പോൾ ഞാനത് നിശബ്ദനായി വിടുന്നത് ശരിയല്ല എന്നുള്ളതുകൊണ്ടാണ് ഞാനെന്റെ അഭിപ്രായം രേഖപ്പെടുത്തിയത്.

<u>ശ്രീ. വി. മുരളീധരൻ</u>: സർ, ഈ പ്രമേയം ഏകകണ്ഠമായി സഭ പാസ്സാക്കണമെന്ന് തന്നെയാണ് ഞങ്ങളുടെയും നിലപാട്. പക്ഷെ ഈ വിഷയം പ്രമേയത്തിൽ സമഗ്രമായി വരേണ്ടതായിരുന്നുവെന്നുള്ള കാര്യം കൂടി സൂചിപ്പിക്കുകയാണ്. അതിന്റെ അടിസ്ഥാനത്തിലുള്ള രണ്ടുമൂന്ന് ഭേദഗതികളാണ് ഞാൻ അവതരിപ്പിക്കുന്നത്. ഈ വിഷയം വന്നതിനുശേഷം 2018-ലെ ദേശീയ ഹരിത ട്രിബ്യൂണലിന്റെ ഉത്തരവ് നടപ്പാക്കാതെ 8 വർഷം പഴയ രീതിയിൽത്തന്നെ നിലനിർത്തിയത് കേന്ദ്ര സർക്കാരാണ്. അത്

സർക്കാരിന്റെ ജനപക്ഷത്ത് നിൽക്കുന്ന സമീപനത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുകയാണ്,

(1) പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ "പിന്നീട് 2026 ജൂലൈ 27-ന് എന്ന് തുടങ്ങുന്ന വാചകത്തിനുശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

"ജനങ്ങളുടെ ആശങ്കകളും എതിർപ്പുകളും കണക്കിലെടുത്ത് കേന്ദ്ര സർക്കാർ ഇതുവരെയും അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല" എന്നുള്ള ഒരു വാചകം ചേർക്കണമെന്നുള്ളതാണ് ഒന്നാമത്തെ ഭേദഗതി.

(2) പ്രമേയത്തിലെ അഞ്ചാമത്തെ ഖണ്ഡികയുടെ ആദ്യ ഭാഗത്തെ "കൃഷി, തോട്ടം മേഖലകളെയും..." എന്നതിന് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

"അതേ സമയം പശ്ചിമഘട്ടത്തിലെ അനധികൃത ക്വാറികൾ അടച്ചു പൂട്ടുകയും കൈയ്യേറ്റ-റിസോർട്ട് മാഫിയക്കെതിരെ കർശന നടപടിയുണ്ടാവുകയും വേണമെന്നതാണ് നിലപാട്". വയനാട്, മലപ്പുറം, ഇടുക്കി തുടങ്ങിയ മലയോരമേഖലയിലെ ജനങ്ങളുടെ

പ്രകൃതിദുരന്തത്തെക്കുറിച്ചുള്ള ആശങ്ക സഭയ്ക്ക് കാണാതിരിക്കാൻ കഴിയില്ല. എന്നതിനാൽ ഈ ഭേദഗതി ചേർക്കേണ്ടതാണ്.

(3) പ്രമേയത്തിലെ എട്ടാമത്തെ ഖണ്ഡികയിലെ ആദ്യ ഭാഗത്തെ "കാർഡമം ഹിൽ റിസർവ്വ് മേഖലയിൽ ദീർഘകാലമായി..." എന്നതിന് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

"ഏലം കുത്തകപ്പാട്ട ഭൂമിയിൽ വ്യാപകമായി റിസോർട്ടുകൾ പണിയുന്നതിനും ഭൂമിയുടെ സ്വാഭാവിക രൂപത്തിന് മാറ്റം വരുത്തുന്നതിനും വിലക്ക് ഏർപ്പെടുത്തണം" എന്നീ വാക്കുകൾ കൂട്ടിച്ചേർക്കണം.

<u>വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്)</u>: സർ, ബഹു. പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ, ഇതിന്റെ പൂർണ്ണമായ ഒരു ക്രോണോളജിക്കൽ ഹിസ്റ്ററി ഈ പ്രമേയത്തിലില്ല. 2014-ൽ കേന്ദ്രം വരുത്തിയ ഭേദഗതിയിൽ ESA ആയി പ്രഖ്യാപിക്കപ്പെട്ടത് എത്ര സ്ക്വയർ കിലോമീറ്റർ ആണെന്ന കാര്യവും ഏറ്റവും അവസാനത്തെ കരട് വിജ്ഞാപനത്തിലെ ഏത് നിർദേശത്തിനാണ് സംസ്ഥാനം ഭേദഗതികൾ സമർപ്പിച്ചിട്ടുള്ളത് എന്നീ രണ്ട് കാര്യങ്ങൾ മാത്രമെ ഇതിൽ

പ്രതിപാദിച്ചിട്ടുള്ളൂ. സർക്കാരുകളുകളുടെ നിലപാടിൽ വ്യത്യാസമില്ല. ബഹു. പ്രതിപക്ഷ നേതാവിന്റെ ഭേദഗതി നിർദേശത്തിന്റെ അന്തസ്സത്ത ഉൾക്കൊണ്ടുകൊണ്ട് പ്രമേയത്തിന്റെ ആറാമത്തെ ഖണ്ഡികയിൽ ഇ.എസ്.എ. അതിർത്തികളുള്ളിൽ മാത്രമായി ഇ.എസ്.എ. സംബന്ധിച്ച നിയന്ത്രണങ്ങൾ പരിമിതപ്പെടുത്തേണ്ട ആവശ്യം 'സംസ്ഥാന സർക്കാർ അർഥശങ്കയ്ക്ക് ഇടയില്ലാത്തവിധം ചൂണ്ടിക്കാണിക്കാണിച്ചിട്ടുള്ളതാകുന്നു എന്നതിന് പകരം, 'സംസ്ഥാനത്തെ വിവിധ കാലഘട്ടങ്ങളിൽ അധികാരത്തിൽ ഇരുന്ന സർക്കാരുകൾ അർഥശങ്കയ്ക്കിടയില്ലാത്തവണ്ണം ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ് എന്ന് ഭേദഗതി ചെയ്യാം. ബഹുമാന്യനായ ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച "ജനങ്ങളുടെ ആശങ്കകളും എതിർപ്പുകളും കണക്കിലെടുത്ത് കേന്ദ്ര സർക്കാർ ഇതുവരെയും അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല" എന്ന ഒന്നാമത്തെ ഭേദഗതി നിർദേശം അംഗീകരിക്കാം. പാറമടകളുമായി ബന്ധപ്പെട്ട പോളിസി ഇതിലല്ല പ്രഖ്യാപിക്കേണ്ടത്.

പ്രതിപക്ഷ നേതാവ് (<u>ശ്രീ. പിണറായി വിജയൻ</u>): സർ, കേരളത്തിലെ 98 വില്ലേജുകളിലെ 8590.69 ചതുരശ്ര കിലോമീറ്റർ വിസ്തൃതി

പരിസ്ഥിതിലോല മേഖലയായി കണക്കാക്കണമെന്ന ഭേദഗതി 2024-ൽത്തന്നെ സംസ്ഥാനം സമർപ്പിച്ചതായിരുന്നുവെന്ന് പറഞ്ഞാൽ പ്രശ്നമില്ല. ഞാൻ കഴിഞ്ഞ തവണയും പറഞ്ഞതാണ്, ഇത്തരം പ്രമേയങ്ങൾ കൊണ്ടുവരുന്നതിനുമുമ്പ് കാര്യങ്ങളെല്ലാം ചർച്ച ചെയ്യുന്ന രീതിയുണ്ട്. മുമ്പ് പ്രതിപക്ഷ നേതാവായിരുന്ന അങ്ങേയ്ക്ക് എങ്ങനെയാണ് ഇതെല്ലാം ചർച്ച ചെയ്യേണ്ടതെന്ന് അറിയാവുന്നതാണ്. നേരത്തെയുള്ള ആ രീതി തുടരുന്നത് നല്ലതായിരിക്കും.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, തീർച്ചയായും അത് ചെയ്യാവുന്നതാണ്. അതുകൊണ്ടാണ് പ്രതിപക്ഷ നേതാവിന് നിർബന്ധമായും ഇതിന്റെ കോപ്പി നൽകണമെന്ന് നേരത്തെ പറഞ്ഞിട്ടുള്ളത്. അങ്ങ് പറയുന്ന നിർദേശങ്ങൾകൂടി ഇതിൽ ഉൾപ്പെടുത്തുന്നതിൽ യാതൊരു പ്രശ്നവുമില്ല. ഇതിലെ കാര്യങ്ങൾ വളരെ കൃത്യമാണ്. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് 123 വില്ലേജായിരുന്നു ESA ആയി ഉണ്ടായിരുന്നത്. പിന്നീട് അത് ബൈഫർക്കേറ്റ് ചെയ്തപ്പോഴാണ് 131 വില്ലേജായി മാറിയത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്താണ് അത് 98

വില്ലേജുകളായി കുറച്ചത്. 98 വില്ലേജുകൾ എന്നതുതന്നെയാണ് ഈ സർക്കാരും സ്വീകരിച്ചിരിക്കുന്ന നിലപാട്. കഴിഞ്ഞ ഗവൺമെന്റിന്റെ അതേ സ്റ്റാൻഡാണ് ഈ സർക്കാരും എടുത്തിരിക്കുന്നത്. അത് ഈ പ്രമേയത്തിന്റെ കണ്ടന്റിലുണ്ട്. 'വിവിധ സർക്കാരുകൾ' എന്ന ഭേദഗതി കൂടി വന്നപ്പോൾ അത് പൂർണ്ണമായും ക്ലിയറായി. പാറമടകൾ പുനഃസ്ഥാപിക്കണമെന്ന് പ്രമേയത്തിൽ പറഞ്ഞിട്ടില്ല. പ്രമേയത്തിൽ പറഞ്ഞിരിക്കുന്നത് മിൽമയുടെ യൂണിറ്റ് പോലുള്ള കാര്യങ്ങളെ കുറിച്ചാണ്. ആ റെഡ് കാറ്റഗറി ഇൻഡസ്ട്രിയിൽ അവർ പറയുന്ന കണ്ടീഷൻസിൽ പാറമട വീണ്ടും ഉൾക്കൊള്ളിക്കണമെന്ന് ഈ പ്രമേയത്തിലില്ല. അതിനാൽ പാറമടയുടെ കാര്യം വേറെ ചേർക്കേണ്ടതില്ല.

<u>ശ്രീ. വി. മുരളീധരൻ</u>: സർ, ഈ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ റെഡ് കാറ്റഗറിയിൽ ഉൾപ്പെടുന്ന വ്യവസായങ്ങൾക്ക് മാത്രമെ വിലക്കുള്ളൂ. പാൽ സംസ്കരണ കേന്ദ്രങ്ങൾക്കും അതുപോലുള്ള മാലിന്യ സംസ്കരണ പ്ലാന്റുകൾക്കുമെല്ലാം ഇപ്പോൾത്തന്നെ അനുവാദമുണ്ട്. ഇക്കാര്യം കേന്ദ്ര വിജ്ഞാപനത്തിലുണ്ട്. ഞാൻ കേന്ദ്ര മന്ത്രിയായിരുന്ന

കാലത്ത് കേരളത്തിൽ നിന്നുമുള്ള ഒരു നിവേദക സംഘം കേന്ദ്ര പരിസ്ഥിതി മന്ത്രിയുമായി നടത്തിയ വിശദമായ ചർച്ചയിൽ ഞാനും കൂടി പങ്കെടുത്തിരുന്നു. അന്ന് കേന്ദ്ര പരിസ്ഥിതി വകുപ്പുമന്ത്രി ഇക്കാര്യം വളരെ വ്യക്തമായി വിശദീകരിച്ചിരുന്നു. അത്തരം കാര്യങ്ങൾക്ക് വിലക്കില്ലെന്നാണ് ഞാൻ മനസ്സിലാക്കിയത്. എന്നാൽ വലിയ നിർമ്മാണ പ്രവർത്തനങ്ങളെ സംബന്ധിച്ചുള്ള വിലക്കുകൾ നിലവിലുണ്ട്.

<u>ശ്രീ. കെ. രാജൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞപ്പോൾ വകുപ്പു മന്ത്രി പറഞ്ഞതിൽനിന്നും കുറച്ച് മാറ്റമുണ്ടായി. മുൻ സർക്കാരുകൾ എന്നല്ല, ഈ വിഷയം വന്നപ്പോൾ കൂട്ടായി ചർച്ച ചെയ്ത് 2024 മെയ് 13-ന് തന്നെ അത് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കുകയുണ്ടായി. ഭേദഗതിയിൽ ഇക്കാര്യം കൃത്യമായി രേഖപ്പെടുത്തിയിട്ടുണ്ട്.

<u>വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി (ശ്രീ. സണ്ണി ജോസഫ്)</u>: സർ, 2024-ൽ കേരളം കേന്ദ്രത്തിന് സമർപ്പിച്ച നിർദേശങ്ങളുടെ ഭാഗം ഉൾക്കൊള്ളാം. ശ്രീ. വി. മുരളീധരൻ എം.എൽ.എ. പറഞ്ഞത് ശരിയല്ല. All Red Category industries are specified by the

Central Pollution Control Board or State Pollution Control Board, and the expansion of such existing industries shall be banned. The list of Red Category industries shall be as specified by the Central Pollution Control Board, provided that existing Red Category industries, including healthcare establishments, shall continue in the Ecologically Sensitive Area (ESA) under the applicable rules and regulations.

Projects and activities to be prohibited or regulated in the Eco-sensitive Area. The following categories of projects: Mining, There shall be a complete ban on mining. Thermal power plants and sand mining in the Ecologically Sensitive Area, and all existing mines shall be phased out within five years from the date of issue of the final ESA notification or on the expiry of the existing mining lease, whichever is earlier. ഈ പ്രമേയത്തിലേക്ക് അത് കൊണ്ടുവരേണ്ട കാര്യമില്ല.

<u>ശ്രീ. വി. മുരളീധരൻ</u>: സർ, മാലിന്യ സംസ്കരണത്തിനായുള്ള

പദ്ധതികൾ നടപ്പിലാക്കുന്നതിന് നിലവിൽ യാതൊരുവിധ തടസ്സങ്ങളുമില്ലെന്നാണ് ഞാൻ വ്യക്തമാക്കിയത്.

ശ്രീ. വി. ഡി. സതീശൻ: സർ, ഇപ്പോൾ വായിച്ച വിജ്ഞാപനത്തിൽ ഇതെല്ലാം ഉൾപ്പെടുത്തിയിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ, കേന്ദ്ര ഗവൺമെന്റുമായി സംസാരിച്ച സമയത്തെല്ലാം കുറെ കാര്യങ്ങളിൽ ഇളവുകൾ അനുവദിക്കാമെന്ന് സമ്മതിച്ചിരുന്നു. കേന്ദ്ര കമ്മിറ്റിയോട് ഞങ്ങൾ ഈ വിഷയം സംസാരിച്ചപ്പോൾ അവരുടെ നിലപാടും അനുകൂലമായിരുന്നു. എന്നാൽ നോട്ടിഫിക്കേഷനിൽ ഇതെല്ലാം banned ആണ്. അത് ഇതുവരെയും മാറ്റിയിട്ടില്ല. അതിനാൽ നമ്മൾ അത് പറഞ്ഞേ പറ്റുകയുള്ളൂ. പാറമടയുടെ കാര്യം നോട്ടിഫിക്കേഷനിൽ ഉള്ളതാണ്. അക്കാര്യത്തിൽ നമ്മൾ എക്സംപ്ഷൻ ചോദിച്ചിട്ടില്ല. എക്സംപ്ഷൻ ചോദിച്ചത് ജനജീവിതവുമായി ബന്ധപ്പെട്ടുള്ള ആക്ടിവിറ്റീസിനാണ്. കഴിഞ്ഞ ഗവൺമെന്റിനും ഇതേ സ്റ്റാൻഡ് തന്നെയാണുണ്ടായിരുന്നത്. 2024-ൽ ചർച്ച ചെയ്തപ്പോഴും പോസിറ്റീവ് അപ്രോച്ചാണ് കേന്ദ്ര ഗവൺമെന്റ് എടുത്തത്. പക്ഷെ, നോട്ടിഫിക്കേഷനിൽ അത് ഉൾപ്പെടുത്തണം.

*15-10-2026*

*Government Resolution (Rule 118)*

<u>മി. സ്പീക്കർ</u>: പ്രതിപക്ഷനേതാവ് ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച ഭേദഗതി നിർദേശത്തിന്റെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് പ്രമേയത്തിലെ ആറാമത്തെ ഖണ്ഡികയിലെ ഏഴാമത്തെ വരിയിൽ "സംസ്ഥാന സർക്കാർ " എന്നീ വാക്കുകൾക്കുപകരം "സംസ്ഥാനത്ത് വിവിധ കാലഘട്ടങ്ങളിൽ അധികാരത്തിലിരുന്ന സർക്കാരുകൾ" എന്നീ വാക്കുകൾ കൂട്ടിച്ചേർത്തുകൊണ്ട് സഭ അംഗീകരിച്ചു.

ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച താഴെപ്പറയുന്ന ഭേദഗതി സഭ അംഗീകരിച്ചു.

(1) പ്രമേയത്തിലെ ഒന്നാമത്തെ ഖണ്ഡികയിലെ "പിന്നീട് 2026 ജൂലൈ 27-ന്...." എന്നീ വാക്കുകൾക്ക് ശേഷം ഇനിപ്പറയുന്ന വാക്കുകൾ കൂട്ടിച്ചേർക്കുക.

"ജനങ്ങളുടെ ആശങ്കകളും എതിർപ്പുകളും കണക്കിലെടുത്ത് കേന്ദ്ര സർക്കാർ ഇതുവരെയും അന്തിമ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടില്ല."

(ശ്രീ. പിണറായി വിജയൻ അവതരിപ്പിച്ച ഭേദഗതിയുടെ അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് പ്രമേയത്തിൽ ഭേദഗതി വരുത്തുകയും

അംഗീകരിക്കുകയും ചെയ്തു.)

<u>മി. സ്പീക്കർ</u>: ശ്രീ. വി. മുരളീധരൻ, അങ്ങയുടെ (2), (3) എന്നീ നമ്പർ ഭേദഗതികൾ പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. വി. മുരളീധരൻ</u>: സർ, ഞാൻ പ്രസ്സ് ചെയ്യുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. വി. മുരളീധരൻ അവതരിപ്പിച്ച (2), (3) എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട വൈദ്യുതി, പരിസ്ഥിതി-പാർലമെന്ററികാര്യ വകുപ്പുമന്ത്രി ശ്രീ. സണ്ണി ജോസഫ് അവതരിപ്പിച്ച ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം അംഗീകരിക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.........

ഭേദഗതി ചെയ്ത പ്രകാരമുള്ള പ്രമേയം സഭ ഐകകണ്ഠ്യേന അംഗീകരിച്ചിരിക്കുന്നു. പ്രമേയം പാസ്സായിരിക്കുന്നു.